ഹമീദ് ചേന്നമംഗലൂർ



# ഈജിപ്ത് മതാധിപത്യത്തിലേയ്ക്ക്

**മുസ്ലിം ബ്രദർഹുഡിന്റെ സമഗ്രാധികാര താല്പര്യത്തെ പ്രോത്സാഹിപ്പിക്കുന്ന അമേരിക്ക ഈജിപ്തിൽ നാസറിന്റെ കാലത്തെ രാഷ്ട്രീയ പരീക്ഷണങ്ങൾ ആവർത്തിക്കാനാണ് തുനിയുന്നത്**

**ര**ണ്ടു വർഷം മുൻപ്, 2010 ഡിസംബറിൽ ടുണീഷ്യയിൽ തുടങ്ങുകയും ഈജിപ്ത്, ലിബിയ, യെമൻ, ബഹ്റൈൻ, സിറിയ തുടങ്ങിയ അറബ് രാഷ്ട്രങ്ങളിലേക്ക് പടരുകയും ചെയ്ത പ്രക്ഷോഭങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങളിലെ ഏകാധിപത്യ വാഴ്ചയ്ക്കെതിരെയുള്ള ജനകീയ മുന്നേറ്റങ്ങളായിരുന്നു. സ്വേച്ഛാധിപതികളെ പിഴുതെറിഞ്ഞ് ജനാധിപത്യഭരണക്രമം സ്ഥാപിക്കാനുള്ള സാമൂഹിക ചലനങ്ങൾ എന്ന നിലയിൽ ആ പ്രക്രിയയെ രാഷ്ട്രീയ നിരീക്ഷകർ 'അറബ് വസന്തം' എന്നു പേരിട്ട് വിളിച്ചു. ഫ്രഞ്ച് ദാർശനികനായ അലെയ്ൻ ബാദിയോ ടുണീഷ്യയിലെയും ഈജിപ്തിലെയും ജന മുന്നേറ്റത്തെ വിലയിരുത്തിയത് 'ചരിത്രത്തിന്റെ പുനർജനി'യായിട്ടാണ്. ആഫ്രോ–അറബ് മേഖലയിൽ ഏകാധിപത്യം കൊഴിയുകയും ജനാധിപത്യം പൂക്കുകയും ചെയ്യുന്നു എന്ന തോന്നലും പ്രതീക്ഷയുമാണ് ബാദിയോ ഉൾപ്പെടെ പലരും ആ കാലയളവിൽ പങ്കുവെച്ചത്.

തീർച്ചയായും ഈ പ്രതീക്ഷയ്ക്ക് ചരിത്രപരമായ അടിസ്ഥാനങ്ങളുമുണ്ടായിരുന്നു. ഈജിപ്തും ടുണീഷ്യയും അടക്കമുള്ള രാജ്യങ്ങളിൽ മതേതര പ്രസ്ഥാനങ്ങളും ഇടതുപക്ഷ സോഷ്യലിസ്റ്റ് കൂട്ടായ്മകളും ദശകങ്ങളായി പ്രവർത്തിച്ചു പോന്നിട്ടുണ്ട്. ഈജിപ്തിൽ ഇരുപതാം ശതകത്തിന്റെ പൂർവാർദ്ധത്തിൽത്തന്നെ വഫ്ദ് പാർട്ടി മതേതര ദേശീയത എന്ന ആശയവുമായി രംഗത്തുണ്ടായിരുന്നു. 1950–കളിൽ ഗമാൽ അബ്ദുൽ നാസർ ഉയർത്തിപ്പിടിച്ചതും മതേതര ദേശീയത തന്നെ. ആ പാരമ്പര്യത്തിൽനിന്ന് ഊർജമുൾക്കൊള്ളുന്നവരും സോഷ്യലിസ്റ്റ് ചിന്താഗതിക്കാരുമടങ്ങുന്ന ഒരു മതേതര ജനാധിപത്യമുന്നണി മുബാറക്കനന്തര ഈജിപ്തിൽ അധികാരത്തിലേറുകയാണെങ്കിൽ ആ രാജ്യത്ത് ബഹുസ്വര ജനാധിപത്യം വേരുറയ്ക്കുമെന്നായിരുന്നു അലെയ്ൻ ബാദിയോവിനെപ്പോലുള്ളവർ പ്രത്യാശിച്ചിരുന്നത്.

## തകരുന്ന പ്രതീക്ഷകൾ

പക്ഷേ, പ്രക്ഷോഭാനന്തര ഈജിപ്ത് ഒരു കാര്യം തെളിയിച്ചു. മതേതര ജനാധിപത്യത്തിലും സോഷ്യലിസ്റ്റ് വീക്ഷണങ്ങളിലും തല്പരരായ വലിയ ഒരു ജനവിഭാഗം ഈജിപ്തിലുണ്ടെങ്കിലും അവർ വേണ്ടത്ര സംഘടിതരല്ല എന്നതാണത്. അതേസമയം, ഉറച്ച മതമൗലിക വീക്ഷണമുള്ള മുസ്ലിം ബ്രദർഹുഡും അതിന്റെ രാഷ്ട്രീയ മുഖമായ ഫ്രീഡം ആൻഡ് ജസ്റ്റിസ് പാർട്ടി (എഫ്.ജെ.പി)യും സുസംഘടിതമാണുതാനും. ബ്രദർഹുഡിനെപ്പോലെ ഇസ്ലാമിക ഭരണമോഹം പങ്കിടുന്ന സലഫികളുടെ അൽനൂർ എന്ന പാർട്ടിയും സംഘടിതം തന്നെ. ഹുസ്നി മുബാറക്കിന്റെ നിഷ്ക്കാസനത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ എഫ്.ജെ.പിക്കും അൽനൂറിനും മേൽക്കൈ നേടാൻ സാധിച്ചതിന്റെ പ്രധാനപ്പെട്ട ഒരു കാരണം പാർട്ടികൾ എന്ന നിലയ്ക്ക് അവയ്ക്കുള്ള കെട്ടുറപ്പായിരുന്നു. അതോടൊപ്പം സൗദി അറേബ്യ ഉൾപ്പെടെയുള്ള അതിസമ്പന്ന സുന്നി അറബ് രാഷ്ട്രങ്ങളിൽനിന്ന് പ്രവഹിക്കുന്ന ഭീമമായ ധനസഹായവും ആ സംഘടനകളെ കാര്യമായി തുണച്ചു.

തെരഞ്ഞെടുപ്പു ഫലം മുസ്ലിം ബ്രദർഹുഡിന് അനുകൂലമാവുകയും ഈജിപ്തിന്റെ പുതിയ പ്രസിഡന്റായി മുഹമ്മദ് മുർസി അധികാരമേൽക്കുകയും ചെയ്തപ്പോൾത്തന്നെ ഈജിപ്തിനകത്തും പുറത്തുമുള്ള മതേതര ജനാധിപത്യവാദികൾ, 2011 ഫെബ്രുവരിയിൽ തഹ്രീൽ സ്ക്വയറിൽ അരങ്ങേറിയ പ്രക്ഷോഭം പാഴായി എന്നുറപ്പിച്ചിരുന്നു. ഈജിപ്തിൽ ബ്രദർഹുഡിന്റെയും ടുണിഷ്യയിൽ അന്നഹ്ദ എന്ന ഇസ്ലാമിസ്റ്റ് പാർട്ടിയുടെയും വിജയത്തിൽ ആഹ്ലാദിച്ചത് രണ്ടേ രണ്ടു കൂട്ടരാണ്– മുസ്ലിം മൗലികവാദികളും അമേരിക്കൻ ഭരണകൂടവും. മതവലതുപക്ഷത്തിന് പകരം മതേതര ദേശീയ വാദികൾ അറബ് മേഖലയിൽ കരുത്താർജിക്കുന്നത് തങ്ങളുടെ ഭൂരാഷ്ട്രീയ താല്പര്യങ്ങൾക്ക് വിനാശകരമാകുമെന്ന് അമേരിക്ക കണക്കുകൂട്ടുന്നു. നാറ്റോയോടും കോർപറേറ്റോക്രസിയോടും സൗഹൃദം പുലർത്തുന്ന ഇസ്ലാമിസ്റ്റ് ഭര

ണാധികാരികളെയാണ് അമേരിക്കൻ നേതൃത്വം ഇഷ്ടപ്പെടുന്നത്.

ഇസ്ലാമിസത്തോടുള്ള (രാഷ്ട്രീയ ഇസ്ലാമിനോടുള്ള) സാമ്രാജ്യത്വശക്തികളുടെ അടുപ്പവും അനുഭാവവും പുതിയ കാര്യമല്ല. ഇസ്ലാമിസത്തെ പ്രോത്സാഹിപ്പിച്ച ചരിത്രമാണ് സാമ്രാജ്യത്വത്തിനുള്ളത്. അതിന്റെ ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്ന് ഈജിപ്തിലെ മുസ്ലിം ബ്രദർഹുഡ് തന്നെയാണ്. ആഗോളതലത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്വം ജ്വലിച്ചുനിന്നകാലത്ത് 1928–ലാണ് ബ്രദർഹുഡ് രൂപീകരിക്കപ്പെടുന്നത്. 1882–തൊട്ട് ബ്രിട്ടീഷ് അധിനിവേശത്തിന് വിധേയമായിരുന്നു ഈജിപ്ത്. അവിടെ ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ രാജഭരണം നിലനിൽക്കെ ജനാധിപത്യ പരീക്ഷണത്തിനുള്ള ഒരു ശ്രമം നടന്നു. ആ പരീക്ഷണത്തോടൊപ്പം നിന്ന സംഘടനയായിരുന്നു മതേതര സ്വഭാവമുള്ള വഫ്ദ് പാർട്ടി. ജനാധിപത്യം വേണ്ടാത്ത ബ്രിട്ടീഷ് മേധാവികളും രാജഭരണകൂടവും പ്രസ്തുതശ്രമം തകർക്കുന്നതിനും വഫ്ദിനെ ഒതുക്കുന്നതിനും കൂട്ടുപിടിച്ചത് മതയാഥാസ്ഥിതിക–മതമൗലിക ശക്തികളെ ഉപയോഗിച്ചാണ്. ഇടതുപക്ഷ ചിന്തകനായ സമീർ അമീൻ വ്യക്തമാക്കിയതുപോലെ, മതേതര ജനാധിപത്യ പ്രസ്ഥാനമായ വഫ്ദിനെ അടിച്ചിരുത്താൻ ബ്രിട്ടീഷ് സാമ്രാജ്യത്വവും രാജഭരണകൂടവും ചേർന്നു രൂപപ്പെടുത്തിയതായിരുന്നു ഇസ്ലാമിക മൗലികവാദികളുടെ കൂട്ടായ്മയായ മുസ്ലിം ബ്രദർഹുഡ്. ആ സംഘടനയെ പിൽക്കാലത്ത് സഹായിച്ചുപോന്നത് അമേരിക്കയാണ്. മതമൗലികവാദത്തെ എതിർത്ത നാസറിന്റെ ഭരണകാലത്ത് സൗദി അറേബ്യയിൽ അഭയം തേടിയ ബ്രദർഹുഡ് പ്രവർത്തകരെ അദ്ദേഹത്തിന്റെ നിര്യാണശേഷം ഈജിപ്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിൽ പ്രധാന പങ്കുവഹിച്ചത് സി.ഐ.എ. ആയിരുന്നു എന്നത് രഹസ്യമല്ല.

ഇപ്പോൾ അമേരിക്ക ബ്രദർഹു



ഡിനെ 'മിതവാദ ഇസ്ലാ'മിന്റെ പ്രതിനിധാനമായാണ് ചിത്രീകരിക്കുന്നത്. പക്ഷേ, മുഹമ്മദ് മുർസിയും മുസ്ലിം ബ്രദർഹുഡും മിതവാദത്തിൽ നിൽക്കാൻ തയാറല്ല എന്ന് ഈ നവംബർ 22–ന് വ്യക്തമാക്കിയിരിക്കുന്നു. തന്റെ തീരുമാനങ്ങളിലും ഉത്തരവുകളിലും ഇടപെടാൻ നീതിപീഠത്തിനുപോലും അവകാശമില്ലെന്നു ഉറപ്പിക്കുംവിധമുള്ള അധികാര കൈയേറ്റമാണ് മുർസി നടത്തിയിരിക്കുന്നത്. ഇസ്ലാമിസ്റ്റുകൾക്ക് സമ്പൂർണ മേധാവിത്വമുള്ള ഭരണഘടനാ നിർമാണ സഭ തയാറാക്കിയ കരട് ഭരണഘടന അംഗീകരിക്കപ്പെടുന്നതുവരെ ജുഡീഷ്യറി തന്റെ ചൊൽപ്പടിക്ക് നിന്നുകൊള്ളണമെന്നതത്രേ പ്രസിഡന്റിന്റെ നിലപാട്.

## ന്യൂനപക്ഷങ്ങളുടെ ആശങ്കകൾ

മുഹമ്മദ് അൽബറാദിയടക്കമുള്ളവർ നേതൃത്വം നൽകുന്ന മതേതര പ്രതിപക്ഷം കരട് ഭരണഘടന ഹിതപരിശോധനയ്ക്ക് വിധേയമാക്കാനുള്ള മുർസിയുടെ നീക്കത്തെ ന്യായമായ കാരണങ്ങളാൽ എതിർക്കുകയാണ്. ഭരണഘടനാ നിർമാണസഭയ്ക്ക് പ്രാതിനിധ്യസ്വഭാവമില്ല എന്നതാണ് ഒന്നാമത്തെ കാരണം. മുസ്ലിം ബ്രദർഹുഡിനേയും മുർസിയേയും പിന്താങ്ങുന്നവരാണ് സഭയിലെ മഹാഭൂരിപക്ഷം. ശരീഅത്ത് എന്ന പേരിൽ അറിയപ്പെടുന്ന ഇസ്ലാമിക നിയമവ്യവസ്ഥയുടെ ചുവടുപിടിച്ചാണ് അവർ ഭരണഘടനയ്ക്ക് രൂപംനൽകിയിരിക്കുന്നത്. ആധുനിക സമൂഹം ആവശ്യപ്പെടുന്ന അഭിപ്രായ സ്വാതന്ത്ര്യം, ലിംഗസമത്വം എന്നിവയുൾപ്പെടെയുള്ള ജനാധിപത്യ മൂല്യങ്ങൾക്ക് അതിൽ ഇടമില്ലെന്ന് സെക്യുലറിസ്റ്റുകൾ ചൂണ്ടിക്കാട്ടുന്നു.

മുർസിയും സംഘവും മുന്നോട്ടുവയ്ക്കുന്ന ഭരണഘടനയിൽ തങ്ങൾക്കുള്ള ആശങ്ക രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷമായ കോപ്റ്റിക് ക്രിസ്ത്യാനികളും തുറന്നു പ്രകടിപ്പിച്ചിട്ടുണ്ട്. ഈജിപ്തിലെ എട്ടുകോടി വരുന്ന ജനസംഖ്യയിൽ പത്ത് ശതമാനം വരും കോപ്റ്റിക് ക്രൈസ്തവർ. മതേതര നിയമവ്യവസ്ഥയ്ക്ക് പകരം ഇസ്ലാമിക ശരീഅത്തിനെ ആധാരമാക്കിയുള്ള ഭരണഘടന നിലവിൽ വരുമ്പോൾ തങ്ങൾ ഇതുവരെ അനുഭവിച്ച പൗരാവകാശങ്ങൾ പലതും നിഷേധിക്കപ്പെടുമെന്നും രണ്ടാംകിട പൗരന്മാർ എന്ന തലത്തിലേക്ക് തങ്ങൾ തരംതാഴ്ത്തപ്പെടുമെന്നും അവർ ഭയക്കുന്നു. മതത്തെ ആസ്പദമാക്കിയുള്ള ഭരണഘടനയും നിയമവ്യവസ്ഥയുമല്ല, മതാസ്പദമല്ലാത്ത പൗരത്വം ഉറപ്പാക്കുന്ന മതേതര ഭരണഘടനയും നിയമവ്യവസ്ഥയുമാണ് ന്യൂനപക്ഷത്തിന്റെ സുരക്ഷയ്ക്കും സുസ്ഥിതിക്കും വേണ്ടത്.

ഇരുപത് മാസം മുൻപ്, ഹുസ്നി മുബാറക്കിന്റെ സ്വേച്ഛാധിപത്യത്തിൽനിന്ന് മോചനം നേടുന്നതിന് കെയ്റോയിലെ തഹ്രീർ സ്ക്വയറിൽ പ്രക്ഷോഭം സംഘടിപ്പിച്ചവരുടെ മുൻനിരയിലുണ്ടായിരുന്നത് മതേതര ജനാധിപത്യവാദികളായിരുന്നു. ബഹുസ്വര മതേതര ജനാധിപത്യ ഈജിപ്ത് എന്നതായിരുന്നു അവരുടെ സ്വപ്നം. ഇപ്പോൾ മുസ്ലിം ബ്രദർഹുഡും മുഹമ്മദ് മുർസിയും അവരുടെ മുൻപിൽ തുറന്നുവെക്കുന്നത് ഇസ്ലാമിസ്റ്റ് സ്വേച്ഛാധിപത്യത്തിന്റെ ഇരുണ്ട വാതിലുകളാണ്. പടപേടിച്ച് പന്തളത്ത് ചെന്നപ്പോൾ പന്തം കൊളുത്തി പട എന്നതുപോലെയായിരിക്കുന്നു ഈജിപ്തിലെ മതേതര സമൂഹത്തിന്റെ അനുഭവം. ●